നേമം നിയോജകമണ്ഡലത്തിൽ കുര്യാത്തി വാർഡിൽ എം.എസ്.കെ. നഗറിൽ സിഡ്കോ നിർവ്വഹണ ഏജൻസി എന്ന നിലയിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ സിഡ്കോ നിർവ്വഹണ ഏജൻസി എന്ന നിലയിൽ സ്വയംപര്യാപ്ത കോളനിയിൽ പ്രവൃത്തികൾ ഒന്നും ചെയ്യുന്നില്ല.

വിവിധ വിവര സാങ്കേതിക സ്ഥാപനങ്ങളുടെ വിറ്റുവരവും സർക്കാരിന്റെ നികുതി വരുമാനവും

84 (5889) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കേരളത്തിന്റെ ഐ.ടി ഉല്പന്നങ്ങളുടെ കയറ്റുമതിയും ഇറക്കുമതിയും എത്ര തുകയ്ക്കായിരുന്നു എന്നത് സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഐ.ടി. രംഗത്ത് തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി സ്മാർട്ട് സിറ്റി തുടങ്ങി എത്ര ഐ.ടി. മേഖലകളും പാർക്കുകളും ഉണ്ടെന്നും ഇവർ ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതി/ഇറക്കുമതി എന്നീ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ആയത് സംസ്ഥാനത്തിനുണ്ടാക്കിയ നേട്ടങ്ങളും കോട്ടങ്ങളും എന്ത് എന്നും ഇതുവഴി സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നേട്ടം/നഷ്ടം എന്താണ് എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് പ്രവർത്തിച്ച സ്റ്റാർട്ട്-അപ് കമ്പനികൾ ഏതെല്ലാം എന്നും അവർക്ക് ഓരോ വർഷവുമുണ്ടായ വിറ്റുവരവ് എത്ര എന്നും അതുവഴി സർക്കാരിന് ലഭിച്ച നികുതി ഉൾപ്പെടെയുള്ള വരുമാനം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഐ.ടി. കമ്പനി ഉൾപ്പെടെ സ്റ്റാർട്ട്-അപ് കമ്പനികളിലായി സംസ്ഥാനത്താകമാനം എത്ര പേർ തൊഴിൽ ചെയ്യുന്നു എന്നും ഇതിൽ മലയാളികൾ എത്രയെന്നും അന്യസംസ്ഥാനക്കാർ എത്രയെന്നും വിശദമാക്കുമോ ; ഇതുമായി ബന്ധപ്പെട്ട കണക്ക് ലഭ്യമല്ലെങ്കിൽ സമയബന്ധിതമായി കണക്ക് എടുക്കുവാൻ എന്ത് നടപടി സ്വീകരിക്കും ;

1267/18

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ക്രിമിനലുകളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവരുടെ പേരിൽ വ്യവസായവകുപ്പും മറ്റ് സർക്കാർ വകുപ്പുകളും സ്വകാര്യ സ്ഥാപനങ്ങളും എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ? .

ഉത്തരം

(എ&ബി) ഐ.ടി. രംഗത്ത് സർക്കാർതലത്തിൽ ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി. പാർക്കുകളും ഈ പാർക്കുകളെ അടിസ്ഥാനപ്പെടുത്തി കണ്ണൂരിൽ കൊല്ലം ടെക്നോപാർക്കും ചേർത്തലയിലും കൊരട്ടിയിലും കല്പറ്റയിലും ഇൻഫോപാർക്കിന്റെ സ്പോക്ക് പാർക്കുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ KSITIL-ന്റെ കീഴിൽ ടെക്നോലോഡ്ജുകളും സ്വകാര്യ മേഖലയിൽ തിരുവനന്തപുരത്ത് ലീല ഇൻഫോപാർക്ക്, കൊച്ചിയിൽ കാർണിവൽ പാർക്ക്, ലുലു സൈബർ പാർക്ക്, മുത്തൂറ്റ് ടെക്നോ പോളീസ്, മിനി മുത്തൂറ്റ് ടെക് ടവേർസ്, ട്രാൻസ് ഏഷ്യ, ബ്രിഗേഡ് ഐ.ടി. പാർക്ക് തുടങ്ങിയ സ്വകാര്യ ഐ.ടി. പാർക്കുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ മേഖലയിൽ യു.എൽ. സൈബർ പാർക്കും പ്രവർത്തനസജ്ജമായിട്ടുണ്ട്. ഐ.ടി. ഉൽപ്പന്നങ്ങളുടെ കയറ്റുമതി/ഇറക്കുമതി സംബന്ധിച്ച് STPI ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ വിവരം താഴെ പറയുന്നു :

കയറ്റുമതി

2011- 12	-	5280.17 കോടി രൂപ
2012- 13	-	7302.58 "
2013- 14	-	9304.94 "
2014- 15	-	11162.93 "

ഇറക്കുമതി

2011- 12	-	3196.23 ലക്ഷം രൂപ
2012- 13	-	3305.52 "
2013- 14	-	3309.29 "
2014- 15	-	3261.85 "

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011 മുതൽ 2015 വരെ സംസ്ഥാനത്ത് പ്രവർത്തിച്ച സ്റ്റാർട്ട്-അപ്പ് കമ്പനികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത കമ്പനികളിലെ നികുതി ഉൾപ്പെടെയുള്ള വരുമാനത്തിന്റെ വിശദാംശം സർക്കാരിൽ ലഭ്യമല്ല.

(ഡി) നിലവിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ട്-അപ്പ് കമ്പനികളിൽ ആകെ 282 ജീവനക്കാരാണുള്ളത്. അതിൽ 12 പേർ മലയാളികളല്ലാത്തവരാണ്.

(ഇ) നിലവിൽ ഐ.ടി. കമ്പനികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ ക്രിമിനലുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ വ്യവസായ സംരംഭങ്ങൾ

85 (5890) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതനസാങ്കേതികവിദ്യ നടപ്പിലാക്കൽ, ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഇ-പ്രൊക്യൂർമെന്റ്, ഇ-പേയ്മെന്റ്, ഇ-ഓക്ഷൻ പോർട്ടൽ സംവിധാനം എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) പൊതുമേഖലയിൽ വ്യവസായ വകുപ്പിന്റെകീഴിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശ്യമില്ല. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകി വരുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly